## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 99 — 01-12-2014-ൽ മറുപടിയ്ക്ക്

### പുതിയ മദ്യനയം - വരുമാനവും പുനരധിവാസവും

**ചോദ്യം:**

ശ്രീ. സി. ദിവാകരൻ

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ പുതിയ മദ്യനയം നടപ്പിലാക്കുന്നതിനുമുമ്പും ശേഷവുമുള്ള വരുമാനം എത്രയാണ്; വരുമാനത്തിൽ വർദ്ധനയുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | 2013-14 വർഷത്തിൽ എക്സൈസ് വകുപ്പിന്റെ ആകെ വരുമാനം 1933.72 കോടി രൂപയും, 2013-14 വർഷത്തിൽ ഒക്ടോബർ മാസംവരെയുള്ള വരുമാനം 1144.72 കോടി രൂപയും ആയിരുന്നു. 2014-15-ലെ മദ്യ നയം നടപ്പിലാക്കിയതിനുശേഷം ഒക്ടോബർ മാസം വരെ 1019.63 കോടി രൂപയുമാണ്. |
| (ബി) | ഘട്ടംഘട്ടമായി ബാറുകൾ അടച്ചു പൂട്ടുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ സ്വീകരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ബി) | ബാറുകൾ നിർത്തലാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെയും മദ്യാസക്തിക്കടിമപ്പെട്ടവരേയും പുനരധിവസിപ്പിക്കുന്നതിന് "പുനർജനി 2030" പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ബി.സി വിൽപ്പന നടത്തുന്ന മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ 5% സെസ് ഏർപ്പെടുത്തുന്നതിനും, പൂട്ടുന്ന ബാറുകളിലെ തൊഴിൽ നഷ്ട്ടപ്പെടുന്ന തൊഴിലാളികളെയും മറ്റും പുനധിവസിപ്പിക്കുന്നതിനുള്ള 2 പദ്ധതികൾക്കും വേണ്ടി കേരളാ ആൾക്കഹോൾ എഡ്യൂക്കേഷൻ റിസർച്ച് റീഹാബിലിറ്റേഷൻ |

| | | | |
|---|---|---|---|
| | | | കോമ്പൻസേഷൻ ഫണ്ട് രൂപീകരിക്കുന്നതിനും, മേൽ പറഞ്ഞ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും "പുനർജനി 2030" രൂപകൽപ്പന ചെയ്യുന്നതിനുമുള്ള നടപടികൾക്കായി എക്സൈസ് കമ്മീഷണർ ചെയർമാൻ ആയി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 'പുനർജനി 2030' പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ